**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

ബി.ആർക് കോഴ്സ് - ഇന്റേണൽ റീ-ഡൂ അനുവദിച്ച് - ഉത്തരവാകുന്നു.

===================================================================================

**അക്കാദമിക് എ4 വിഭാഗം**

സ.ഉ.നം. 3606/എIV/1/2018/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 24/04/2018

===================================================================================

വായിക്കുക:-
1) 07/12/2017-ാം തീയതി കൂടിയ അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യുടെ യോഗ നടപടിക്കുറിപ്പിലെ ഇനം നമ്പർ 10.
2) സ.ഉ.നം. 457/എ IV/1/2018/അക്കാദമിക് തീയതി 17/01/2018.
3) ശ്രീമതി. കാളിന്ദി പി.എസ്., ശ്രീ. ആൽബിൻ പോൾ എന്നീ വിദ്യാർത്ഥികൾ 18/01/2016-ാം തീയതി വൈസ് ചാൻസിലർ മുമ്പാകെ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബി. ആർക് കോഴ്സിന്റെ ഇന്റേണൽ അസസ്സ്മെന്റ് പേപ്പറുകൾക്ക് റീ-ഡൂ അനുവദിക്കുന്ന വിഷയം 07/12/2017-ാം തീയതി ചേർന്ന അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിക്കുകയും മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണ നയ്ക്ക് സമർപ്പിക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിൻപ്രകാരം മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങി. തുടർന്ന് ഈ വിഷയം അക്കാദ മിക് കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയും ചെയ്തു.

മുകളിൽ പരാമർശിച്ച മൂന്നാം പേപ്പർ പ്രകാരം ഹോളി ക്രസന്റ് കോളേജിലെ ബി.ആർക് കോഴ്സ് വിദ്യാർത്ഥികളായ ശ്രീമതി. കാളിന്ദി പി.എസ്., ശ്രീ. ആൽബിൻ പോൾ എന്നിവർ സംയുക്ത മായി സമർപ്പിച്ച നിവേദനത്തിലൂടെ ബി.ടെക് കോഴ്സ് വിദ്യാർത്ഥികൾക്ക് സർവകലാശാലാ ഇന്റേ ണൽ റീ-ഡൂ അനുവദിച്ച സാഹചര്യത്തിൽ തങ്ങൾക്കും ഇന്റേണൽ മാർക്ക് ഇംപ്രൂവ് ചെയ്യുവാൻ അനുവാദം നൽകണമെന്ന് വൈസ് ചാൻസിലർ സമക്ഷം അപേക്ഷിച്ചു.

വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3 സെക്ഷൻ 10(17) പ്രകാരം ബി.ടെക് കോഴ്സിന്റെ ഇന്റേണൽ റീ-ഡുവിന്റേതിനു തുല്യമായ ഫീസ് നിരക്കിൽ ബി.ആർക് കോഴ്സിനും ഇന്റേണൽ റീ-ഡൂ നടപ്പിലാക്കുന്നതിന് അംഗീകാരം നല്കി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ശ്രീരാജ് ആർ.
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:
1. പ്രിൻസിപ്പാൾ, ബന്ധപ്പെട്ട കോളേജുകൾ
2. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ
4. ഡീൻ, ഫാക്കൾട്ടി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷ)
6. എസിസി I/II/ലീഗൽ/ഇ.ഐ.32 സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെന്റ്/ഇൻഫർമേഷൻ സെന്ററുകൾ/പി.ആർ.ഒ സെക്ഷനുകൾ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എസിഎ. IV/01/457/2018